**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകർന്ന റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി വെട്ടിപൊളിച്ച റോഡുകൾ നാളിതുവരെയും ഗതാഗത യോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ജൽ ജീവൻ മിഷൻ മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത നിർവഹണ ഏജൻസികളിലൊന്നാണ് വാട്ടർ അതോറിറ്റി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായാണ് റോഡുകൾ കുഴിച്ചിട്ടുള്ളത്. ജലജീവൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ മുറിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത റോഡുകളുടെ പുനസ്ഥാപനം സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളുടെ വിശദമായ മാർഗരേഖ ഉൾപ്പെടുത്തി കൊണ്ടുള്ള സർക്കുലർ 8.01.2024 ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തുകളുമായി ഏകോപിപ്പിച്ച പ്രവർത്തനത്തിലൂടെ, മുറിച്ച റോഡുകൾ റീസ്റ്റോർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ജൽ ജീവൻ മിഷൻ ഫണ്ടിലെ ലഭ്യതക്കുറവ് നിലവിൽ പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ജൽജീവൻ പദ്ധതിയുടെ കരാറുകാർക്ക് കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സാധിക്കാതെ പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര രൂപയാണ് നിലവിൽ ഈ ഇനത്തിൽ കുടിശ്ശിക ഉള്ളതെന്നും തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ്പ |

| | | | |
|---|---|---|---|
| | | | എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൌണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്രകാരം 3750 കോടി രൂപ അനുവദിച്ചു. ഇതിൽ നിന്നും ആദ്യഗഡുവായി 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ